CHRISTIAN
MUSICOLOGICAL
SOCIETY OF INDIA




# ആബേലച്ചനും ലിറ്റർജിയും



കാർഡിനൽ ജോസഫ് പാറേക്കാട്ടിൽ

www.marggam.com

# ആബേലച്ചനും ലിറ്റർജിയും

കാർഡിനൽ ജോസഫ് പാറേക്കാട്ടിൽ



(കുറിപ്പ്: സീറോ മലബാർ സഭയിൽ ഇന്ന് ഔദ്യോഗികമായി നിലവിലിരിക്കുന്ന ലിറ്റർജിപുസ്തകങ്ങളും ഗാനങ്ങളുമെല്ലാം കാർഡിനൽ പാറേക്കാട്ടിൽ തിരുമേനിയുടെ പ്രോത്സാഹനത്തിൽ ഫാദർ ആബേൽ സി.എം.ഐ. രചിച്ചതാണ്. അതിനു ദീർഘമായ ഒരു ചരിത്രമുണ്ട്. കർദ്ദിനാൾ തിരുമേനിയെഴുതിയ ഞാൻ എന്റെ ദൃഷ്ടിയിൽ എന്ന പുസ്തകത്തിന്റെ മൂന്നാം ഭാഗം 14-ാം അധ്യായത്തിലും, ലിറ്റർജി എന്റെ ദൃഷ്ടിയിൽ എന്ന പുസ്തകം പതിനൊന്നാം അധ്യായം 175-ാം പേജു മുതലും ആ ചരിത്രം വിശദീകരിച്ചു പ്രസ്താവിച്ചിട്ടുണ്ട്. ആ പുസ്തകങ്ങളിൽ നിന്നുള്ള ചുരുക്കം ചില വാചകങ്ങൾ മാത്രമാണ് ഈ ലേഖനത്തിൽ ഉദ്ധരിച്ചിരിക്കുന്നത്. (എഡിറ്റർ)

## ആബേലച്ചന്റെ ലിറ്റർജി ഗ്രന്ഥങ്ങൾ

ആരാധന ക്രമത്തിൽ ദിവ്യപൂജയും കൂദാശകളും കഴിഞ്ഞാൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നതാണ് കനോന നമസ്കാരം. അത് അനുദിനം നിർവ്വഹിക്കാൻ ഗൗരവപൂർവ്വമായ കടമയുണ്ടെന്നായിരുന്നു ഏതാണ്ട് 1960- വരെ സീറോ മലബാർ സഭയിലെ വൈദികർ പഠിച്ചിരുന്നതും ധരിച്ച് വച്ചിരുന്നതും. ഈ ധാരണയ്ക്ക് ആലുവാ സെമിനാരിയിലെ വിദേശ വിദ്യാഭ്യാസം നടത്തിയ ചില പ്രൊഫസർമാരുടെ പ്രസ്താവങ്ങൾ ഇളക്കം തട്ടിച്ചു. തത്ഫലമായി കാനോന നമസ്കാരം ചൊല്ലുന്നതിനുള്ള തീക്ഷ്ണത നവ വൈദികരെ സംബന്ധിച്ചിടത്തോളം കുറയാൻ തുടങ്ങി. മാത്രമല്ല, സുറിയാനി ഭാഷയിലുള്ള പരിചയം നഷ്ടപ്രായമായി വരിക കൂടി ചെയ്തതിനാൽ സ്ഥിതിഗതികൾ ഒന്നിനൊന്ന് ഉത്കണ്ഠാജനകമായി തീർന്നുകൊണ്ടിരുന്നു. ഈ സാഹചര്യത്തിലാണ് വത്തിക്കാൻ സുനഗദോസ് പ്രമാണിച്ച് റോമിലുണ്ടായിരുന്ന സീറോ മലബാർ റീത്തിലെ മെത്രാന്മാർ ഒന്നിച്ച് കൂടി ആലോചിക്കുകയും ഏദൽ സംബന്ധമായി നടപടികൾ സ്വീകരിക്കുന്ന ഭാരം എന്നെ ഏൽപ്പിക്കുകയും ചെയ്തത്.

ഞാൻ നാട്ടിൽ മടങ്ങിയെത്തിയശേഷം ഫാ. ആബേൽ സി.എം.ഐ.യുടെ സഹായം തേടി. അദ്ദേഹം സുറിയാനിയിൽ നിന്നുള്ള വിവർത്തനത്തിന്, ആലുവായിലെ ആശ്രമത്തിൽ താമസിച്ചിരുന്ന ഫാ.ലുദവിക്കോസ് സി.എം.ഐ.യെ ആശ്രയിച്ച്, 1967-ൽ നോമ്പ്, ഉയിർപ്പ് എന്നീ കാലങ്ങളിലേയ്ക്കുള്ള നമസ്കാരക്രമം പുറത്തിറക്കി. അതിലെ ലളിതവും സരളവുമായ ഭാഷയും, ഗീതകങ്ങളുടെ മനോഹാരിതയും ഏവരെയും ആകർഷിച്ചു. ആ കൃതിക്ക് പൗരസ്ത്യ തിരുസംഘത്തിന്റെ അഭിനന്ദനവും ലഭിച്ചതാണ്. ആഗമനം, പൊന്തക്കുസ്താ, സ്ലീവാ തുടങ്ങിയ കാലങ്ങളിലേയ്ക്കുള്ള നമസ്കാരവും പൂർണ്ണമാക്കാൻ ഫാ. ആബേൽ സന്നദ്ധനായിരുന്നെങ്കിലും, ഫാ. ലൂക്കാസ് സി.എം.ഐ.യുടെ നേതൃത്വത്തിൽ ഒരു കൂട്ടർ ഫാ. ആബേലിന്റെ കൃതിയോട്, അതിന്റെ ഘടന ശരിയായിട്ടില്ല എന്നും മറ്റുമുള്ള ഓരോ കാരണം പറഞ്ഞ്, എതിർപ്പ് പ്രകടിപ്പിച്ചതിനാൽ ബാക്കി ഭാഗങ്ങൾ തയ്യാറാക്കുന്ന ചുമതല കമ്മിറ്റി അവർക്ക് തന്നെ വിട്ടുകൊടുത്തു.

## ഫാ. ആബേലിന്റെ ഇതരകൃതികൾ

കാനോനനമസ്ക്കാരം (മൂന്നു വാല്യങ്ങൾ), പാട്ടു കുർബ്ബാന, കൂദാശകൾ എന്നിവ കൂടാതെ, മൃതദേഹ സംസ്ക്കരണം, പരേതരുടെ വാർഷിക ദിനാചരണം, റാസ, വെഞ്ചരിപ്പുകൾ, വിഭൂതി, ഓശാന, വിശുദ്ധവാരകർമ്മങ്ങൾ, ക്രിസ്തുമസ് തുടങ്ങിയ വിശേഷാവസരങ്ങളിലേക്കുള്ള തൃക്കർമ്മങ്ങൾ, തിരുനാൾ കർമ്മങ്ങൾ, മരണനേരത്തേയ്ക്കുള്ള പ്രാർത്ഥന ഇങ്ങനെ നിരവധി ചെറുഗ്രന്ഥങ്ങൾ എന്റെ പ്രോത്സാഹനത്തോടെ അദ്ദേഹത്തിന്റെ തൂലികയിൽ നിന്നും നിർഗ്ഗളിച്ചിട്ടുണ്ട്.



www.marggam.com

marggam
Digital Library of Christianity in India
www.marggam.com

**An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India**

Support Our Ongoing Projects

- Marggam - Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopaedia of Syriac Chants.
- Resources for Researchers.
- Directory of Christian Songs.
- Music Iconography.
- Christian Art.

---

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.TheCMSIndia.org

Christian Musicological Society of India, Josef Ross, Ist Floor, Peter's Enclave, Opp.Kairali Apts, Panampilly Nagar, Kochi, Kerala, India-682036, Phone: +91 9496244981, +91 9446514981, Email - info@thecmsindia.org